# ബൂത്ത് ലെവൽ ഓഫീസർ

# ഇ-പത്രിക




**ദേശീയ സമ്മതിദായക ദിനം പ്രത്യേക പതിപ്പ്**

വാല്യം 3 ജനുവരി 2023



## സന്ദേശം


**രാജീവ് കുമാർ**
**മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ**

2023 ദേശീയ സമ്മതിദായക ദിനത്തോട് അനുബന്ധിച്ചു ബൂത്ത് ലെവൽ ഓഫീസർമാരുടെ പ്രവർത്തനങ്ങൾ വിശദമാക്കുന്ന ഇ-പത്രികയുടെ മൂന്നാം പതിപ്പ് അവതരിപ്പിക്കുന്നതിൽ തിരഞ്ഞെടുപ്പ് കമ്മീഷൻ അഭിമാനിക്കുന്നു. 2011 മുതൽ, എല്ലാ ജനുവരി 25നും രാജ്യം ദേശീയ വോട്ടേഴ്സ് ദിനം (എൻവിഡി) ആചരിച്ചുവരികയാണ്. 1950- ജനുവരി 25 ന് രൂപീകൃതമായ ഇന്ത്യയുടെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ സ്ഥാപക ദിനം അനുസ്മരിക്കുക കൂടിയാണ് ഈ ദിനത്തിൽ നാം ചെയ്യുന്നത്.

ദേശീയ സമ്മതിദായക ദിനാഘോഷത്തിന്റെ പ്രാഥമിക ലക്ഷ്യം സമ്മതിദായക അവകാശം രേഖപ്പെടുത്താൻ ഓരോ പൗരന്മാരെയും പ്രോത്സാഹിപ്പിക്കുക എന്നതാണ്. തിരഞ്ഞെടുപ്പ് ബോധവൽക്കരണം നടത്തുക, മുഴുവൻ പൗരന്മാർക്കും വോട്ടവകാശം ഉറപ്പിക്കുക, പുതിയ വോട്ടർമാർക്കിടയിൽ വോട്ടർ രജിസ്ട്രേഷൻ പ്രക്രിയ എളുപ്പമാക്കുക എന്നതാണ് ഇത്തവണത്തെ ആഘോഷത്തിന്റെ കാതൽ. ബൂത്ത് ലെവൽ ഓഫീസർമാർമാരാണ് തിരഞ്ഞെടുപ്പ് കമ്മീഷനു വേണ്ടി ജനങ്ങളോട് ആശയവിനിമയം നടത്തുന്നത് അതുകൊണ്ടുതന്നെ, ബൂത്ത് ലെവൽ ഓഫീസർമാർക്ക് വോട്ടർ രജിസ്ട്രേഷൻ പ്രക്രിയയിൽ നിർണായക പങ്കാണ് നിർവ്വഹിക്കുവാനുള്ളത്.

ദേശീയ സമ്മതിദായക ദിനത്തിന്റെ സമഗ്രമായ അവലോകനവും ബൂത്ത് ലെവലിന്റെ ചുമതലകളും 'ബൂത്ത് ലെവൽ ഓഫീസർമാരുടെ ഇ-പത്രിക'യിലെ പുതിയ വോളിയത്തിൽ ഉദ്യോഗസ്ഥരുടെ പ്രവർത്തനത്തെപറ്റി വിശദമായി പരാമർശിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് കമ്മീഷന് വേണ്ടി ജനങ്ങൾക്കായി പ്രവർത്തിക്കുന്ന ഞങ്ങളുടെ 10.37 ലക്ഷം ബൂത്ത് ലെവൽ ഓഫീസർ ഇത് ഉപയോഗിക്കുമെന്നതിൽ സംശയമില്ല. അവരുടെ ഉത്തരവാദിത്തങ്ങളിൽ കൂടുതൽ മികവ് പുലർത്തുന്നതിന് ഇത് സഹായകരമാകുമെന്ന കാര്യത്തിലും സംശയമില്ല.

(രാജീവ് കുമാർ)



## സന്ദേശം

### അനൂപ് ചന്ദ്ര പാണ്ഡെ,
### തിരഞ്ഞെടുപ്പ് കമ്മീഷണർ

ദേശീയ വോട്ടേഴ്സ് ദിനത്തോടനുബന്ധിച്ച 'ബി എൽ ഒ ഇ-പത്രിക'യുടെ മൂന്നാം ലക്കം ബൂത്ത് ലെവൽ ഓഫീസർമാർക്കായി സമർപ്പിക്കുന്നതിൽ ഞാൻ വളരെയധികം സന്തോഷിക്കുന്നു.

നമ്മുടെ രാജ്യത്തിന്റെ ഏറ്റവും മികച്ച ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷണന്റെ ശക്തിയും ഓജസും വിളിച്ചറിയിക്കുന്നതാണ് ദേശീയ വോട്ടേഴ്സ് ദിനാഘോഷങ്ങൾ. പത്തു ലക്ഷം പോളിംഗ് ബൂത്തിലൂടെ തൊണ്ണൂറ്റിയഞ്ച് ദശ ലക്ഷം വോട്ടർമാരുമായി ബന്ധിപ്പിക്കുന്ന കണ്ണിയാണ് ബൂത്ത് ലെവൽ ഓഫീസർമാർ പ്രവർത്തിക്കുന്നത്.

താഴെത്തട്ടിലെ തിരഞ്ഞെടുപ്പ് കമ്മീഷന്റെ പ്രതിനിധികളാണ് ബൂത്ത് ലെവൽ ഓഫീസർമാർ. അതിനാൽ, ശരിയായ വോട്ടർ ബോധവൽക്കരണവും സുഗമമായ മാർഗങ്ങളും രീതികളും ഉപയോഗിച്ച് അവരെ നയിക്കേണ്ടത് പരമപ്രധാനമാണ്. പരമാവധി പങ്കാളിത്തത്തോടെ ദേശീയ വോട്ടർമാരുടെ ദിനത്തിന്റെ ആവേശം അവരുടെ ബൂത്തുകളിൽ ആഘോഷിക്കുകവോട്ടർമാരുടെ പരമാവധി പങ്കാളിത്തത്തോടെ ദേശീയ വോട്ടർമാരുടെ ദിനത്തിന്റെ ആവേശം അവരുടെ ബൂത്തുകളിൽ ആഘോഷിക്കുവാൻ നാം ഓരോരുത്തരും തയ്യാറാകണം.

'ബി എൽ ഒ ഇ-പത്രിക'യുടെ മൂന്നാം ലക്കം നമ്മുടെ ബൂത്ത് ലെവൽ ഓഫീസർമാരിൽ നവോന്മേഷവും ഉത്സാഹവും നിറയ്ക്കുമെന്നതിൽ സംശയമില്ല.

ജനാധിപത്യത്തിന്റെ ചൈതന്യം ശക്തിപ്പെടുത്താൻ അവരുടെ കർത്തവ്യങ്ങൾ അവരുടെ കഴിവിന്റെ പരമാവധി ചെയ്യുകയും, ഒപ്പം ദേശീയ വോട്ടേഴ്സ് ദിനം 2023 വലിയ ആവേശത്തോടെയും അർപ്പണബോധത്തോടെയും ആഘോഷിക്കുകയും ചെയ്യണം.

അനൂപ് ചന്ദ്ര പാണ്ഡെ,
തിരഞ്ഞെടുപ്പ് കമ്മീഷണർ



## സന്ദേശം

### അരുൺ ഗോയൽ,
### ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷണർ

ദേശീയ വോട്ടേഴ്സ് ദിനം ആഘോഷിക്കുന്ന ഈ വേളയിൽ ഇന്ത്യൻ ജാനാധിപത്യത്തിന്റെ സംരക്ഷകരും കഠിനാധ്വാനികളുമായ ബൂത്ത് ലെവൽ ഓഫീസർമാർക്ക് 'ബി എൽ ഒ ഇ-പത്രിക' 'യുടെ മൂന്നാം പതിപ്പ് സമർപ്പിക്കുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

നമ്മുടെ തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഏറ്റവും പ്രധാനപ്പെട്ട പങ്കാളി ഒരു വോട്ടർ ആണെങ്കിൽ, നമ്മുടെ ബിഎൽഒമാരാണ് രണ്ടാമത്തെ പങ്കാളി. ബിഎൽഒ മാരുടെ പ്രവർത്തനങ്ങൾ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ സുപ്രധാന താക്കോൽ എന്ന് വിശേഷിപ്പിക്കാം. തിരഞ്ഞെടുപ്പുകളിലെ വോട്ടർമാരുടെ വർദ്ധനയ്ക്ക് നിരന്തരമായ സംഭാവനകൾ ബിഎൽഒ മാരിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നു.

ദേശീയ വോട്ടർ ദിനാഘോഷം തിരഞ്ഞെടുപ്പ്കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മറ്റ് ചുമതലകൾക്കൊപ്പം വോട്ടർമാരുടെ ഇടയിൽ ബോധവൽക്കരണം നടത്തുന്നതിനായി ബിഎൽഒ മാർക്കുള്ള അവസരമാണ്. ഈ 'ബി എൽ ഒ ഇ-പത്രിക' പത്രിക ഒരു പഠന സഹായിയായി പ്രവർത്തിക്കുമെന്ന് എനിക്കുറപ്പാണ്.

പ്രതിബദ്ധതയോടും ഉത്സാഹത്തോടും കൂടി പൗരന്മാരെയും അവരവരുടെ പ്രദേശത്തെയും ഉയർത്തികൊണ്ടുവരാൻ കൂടുതൽ കരുത്തോടെ കടമകളും ഉത്തരവാദിത്തങ്ങളും ക്രിയാത്മകമായും ഉത്സാഹത്തോടെയും പാലിക്കാൻ ബിഎൽഒ മാരെ ഇത് പ്രോത്സാഹിപ്പിക്കുമെന്ന് എനിക്ക് ഉറപ്പാണ്.

അരുൺ ഗോയൽ,
ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷണർ


## എഡിറ്റോറിയൽ കമ്മിറ്റി

*എൻ.എൻ. ബ്യൂട്ടോലിയ*
സീനിയർ പ്രിൻസിപ്പൽ സെക്രട്ടറി
(വോട്ടർ പട്ടിക)

*അശോക് കുമാർ*
ഡയറക്ടർ (ഐടി)

*കുൽദീപ് കുമാർ സഹരാവത്ത്*
ഡയറക്ടർ (ട്രെയിനിംഗ്),
ഐഐഐഡിഇഎം

*എസ്.സുന്ദർ രാജൻ*
ഡയറക്ടർ (ഇവിഎം)

*ദീപാലി മസിർക്കർ*
ഡയറക്ടർ
(തിരഞ്ഞെടുപ്പ് ആസൂത്രണം)

*സന്തോഷ് അജ്മീര*
ഡയറക്ടർ (SVEEP)
അംഗം കൺവീനർ

## എഡിറ്റോറിയൽ ടീം

ആർ കെ സിംഗ്
*കോർഡിനേറ്റർ (SVEEP)*

അനുജ് ചന്ദക്
*ജോയിന്റ് ഡയറക്ടർ (SVEEP)*

നൂപൂർ പ്രവീൺ
*കമ്മ്യൂണിക്കേഷൻ കൺസൾട്ടന്റ്*

ഇഷാ ഖാൻ
*ഗ്രാഫിക് ഡിസൈനർ*

# ബൂത്ത് ലെവൽ പദ്ധതി

ബൂത്ത്/പോളിംഗ് സ്റ്റേഷൻ തലത്തിലുള്ള ആസൂത്രണവും ബി.എൽ.ഒ.മാരെ അവരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാനുള്ള പ്രവർത്തനവും നമുക്ക് നോക്കാം.

SVEEP IV തന്ത്രപരമായ ഘടന (2022-25) തിരഞ്ഞെടുപ്പിൽ നിർബന്ധിതമായി പങ്കാളികളാവേണ്ടതിന്റെ എല്ലാ വശങ്ങളും വോട്ടർമാരെ അറിയിക്കാനുള്ള പ്രധാന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് ആവശ്യമാണ്.

- ബൂത്ത്/ പോളിംഗ് സ്റ്റേഷൻ തലം : ആസൂത്രണവും പ്രവർത്തനവും
- നിയോജക മണ്ഡലം തലത്തിലെ പങ്കാളിത്തം
- എല്ലാവരെയും ഉൾപ്പെടുത്തിയുള്ള തിരഞ്ഞെടുപ്പ് ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള ഇടപെടൽ
- ശക്തിപ്പെടുത്തേണ്ട പ്രധാനപ്പെട്ട പദ്ധതികൾ [ഇ എൽ സി, എസ് എസ് ആർ, എൻ വി ഡി]
- ഉപയോഗപ്പെടുത്തേണ്ട പങ്കാളിത്തവും സഹകരണങ്ങളും
- ഫലപ്രദമായ ആശയ വിനിമയം, വ്യാപക മാധ്യമ പ്രചാരണങ്ങളും

## ബൂത്ത് തലത്തിൽ മൂന്ന് പ്രധാന പങ്കാളികൾ ഉണ്ട് :

- വോട്ടർമാർ
- ബൂത്ത് ലെവൽ ഓഫീസർ
- ബൂത്ത് ലെവൽ ബോധവൽക്കരണ ഗ്രൂപ്പുകളും [BAGs] മറ്റ് പങ്കാളികളും

ബൂത്ത് ലെവൽ തന്ത്രത്തിന് വ്യക്തിപരവും ഇഷ്ടാനുസൃതവുമായ ആശയവിനിമയവും പരസ്പര ആശയവിനിമയവും നൽകാനും വേലിയിൽ ഇരിക്കുന്ന വോട്ടർമാരെയും എതിർക്കുന്നവരെപ്പോലും പ്രചോദിപ്പിക്കുന്നതിനുള്ള സാമൂഹിക സമാഹരണ ശ്രമങ്ങളും നടത്താനുള്ള ശക്തിയുണ്ട്.താഴെ വിവരിച്ചിരിക്കുന്ന ബഹുമുഖ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന്, താഴെത്തട്ടിലുള്ള പ്രവർത്തകരോടൊപ്പം BLO ഒരു ടീമായി (അദ്ദേഹം ടീം ലീഡറാണ്) പ്രവർത്തിക്കേണ്ടതുണ്ട്.

## ബൂത്ത് തലത്തിൽ രൂപികരിക്കേണ്ട തന്ത്രത്തിന്റെ രണ്ട് പ്രധാന വശങ്ങളുണ്ട്:

- രജിസ്ട്രേഷൻ
- പോളിംഗ്





# ബൂത്ത് ലെവൽ ഓഫീസർ എന്താണ് ചെയ്യേണ്ടത്?

## *വോട്ടർ രജിസ്ട്രേഷൻ*



- എസ്എസ്ആർ കാലയളവിൽ SVEEP പ്രവർത്തനങ്ങൾ ഊർജിതമായി നടപ്പിലാക്കാൻ എല്ലാ ബൂത്ത് ലെവൽ ഓഫീസർമാരും മുൻകൂറായി തയ്യാറെടുപ്പുകൾ നടത്തേണ്ടതുണ്ട്. വോട്ടർമാരുടെ തിരഞ്ഞെടുപ്പ് അവബോധം വർദ്ധിപ്പിക്കുന്നതിനും തിരഞ്ഞെടുപ്പ് പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും, വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനായി (ഫോം 6) തന്റെ ബൂത്തിലെ യോഗ്യരായ, വോട്ടർമാരെയെല്ലാം ബന്ധപ്പെടുകയും, വിവരങ്ങൾ അറിയിക്കുകയും, സൗകര്യം ഉറപ്പ് വരുത്തുകയും, സഹായിക്കുകയും ചെയ്യുക.
- ഒരു പ്രതിമാസ പരിപാടി – 'മാസിക് മത് ദാ താ ബൈഠക്' – എല്ലാ മാസവും ആദ്യ ഞായറാഴ്ച ഈ പരിപാടി സംഘടിപ്പിക്കുക. അന്നേ ദിവസം രാവിലെ 10 മുതൽ 2 മണിവരെ, പൗരന്മാർക്ക് രജിസ്ട്രേഷനുകൾക്ക് വേണ്ടി ഷെഡ്യൂൾ ചെയ്യുകയും, തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും, തിരുത്തലുകൾ, സംശയങ്ങൾ, അവരുടെ പരാതികൾ എന്നിവ പരിഹരിക്കുകയും ചെയ്യുക.



Voter list being read out by a BLO in a village of Sagar district, Madhya Pradesh.

## വോട്ടർ പട്ടികയുടെ പുതുക്കൽ

- ബൂത്ത് ലെവൽ ഓഫീസർമാർ നിലവിലെ സാഹചര്യം വിശകലനം ചെയ്യേണ്ടതുണ്ട്. ഇതിനായി നിലവിലെ വോട്ടർ പട്ടികയിൽ ലഭ്യമായ വിവരങ്ങൾ പരിശോധിക്കുകയും രജിസ്ട്രേഷനിലെയും വോട്ടിംഗിലെയും വിടവുകൾ ഗൃഹ സന്ദർശനങ്ങളിലൂടെ പരിശോധിക്കുകയും വേണം.
- പുതുതായി യോഗ്യരായ, പുതുതായി വന്ന, വരാൻ പോകുന്ന വോട്ടർമാരെ തിരിച്ചറിയാൻ പ്രത്യേകം ശ്രമിക്കേണ്ടതുണ്ട്. അവരുടെ എൻറോൾമെന്റ് സുഗമമാക്കുകയും വേണം.
- വോട്ടർ പട്ടികയിൽ ഭിന്നശേഷിക്കാരെയും സാമൂഹികമായി പ്രമുഖരായ വോട്ടർമാരെയും തിരിച്ചറിയുകയും അവ പ്രത്യേകം അടയാളപ്പെടുത്തു കയും വേണം.
- വോട്ടർപട്ടികയിലെ പിഴവുകൾ കണ്ടെത്തുന്നതിന് ബിഎൽഒമാർ വീടുവീടാന്തരമുള്ള സർവേകൾ പ്രയോജനപ്പെടുത്തണം. ഫാമിലി ടാഗിംഗിന്റെ നിബന്ധനകൾ, പ്രായത്തിലെ പിശക്, ബന്ധത്തിന്റെ തരവും പേരും, മരിച്ച, സ്ഥിരമായി താമസം മാറിയ വോട്ടർമാരെ തിരിച്ചറിയൽ/ തിരുത്തൽ/ ഒഴിവാക്കൽ എന്നിവയ്ക്കുള്ള ഫോമുകൾ ശേഖരിക്കുക.
- കൃത്യമായ നടപടിക്രമങ്ങൾ പാലിച്ച കൊണ്ട് മരിച്ചവരേയും സ്ഥലം മാറിയവരേയും കണ്ടെത്താനാകാത്തവരേയും നീക്കം ചെയ്ത് എല്ലാ ബൂത്തിലെയും വോട്ടർപട്ടിക ശുദ്ധീകരിക്കുക, DSE/PSE പരിശോധിച്ച് ഡ്യൂപ്ലിക്കേറ്റ് എൻട്രികൾ ഇല്ലാതാക്കുക.
- 80 വയസ്സിന് മുകളിലുള്ളതും എല്ലാ സ്ത്രീകളെയും (25 വയസ്സിന് മുകളിൽ)തിരിച്ചറിയുകയും മരിച്ചവരേയും സ്ഥിരമായി താമസം മാറിപോയവരെയും വോട്ടർപട്ടികയിൽ നിന്ന് ഒഴിവാക്കുക.
- മരിച്ചവരും സ്ഥിരമായി സ്ഥലം മാറിയവരുടെയും പേരുകൾ നീക്കം ചെയ്യുമ്പോൾ, വോട്ടർ പട്ടികയിലെ എല്ലാ എൻട്രികളും പരിശോധിച്ചുറപ്പിക്കുകയും, ഇതിനായി പോളിങ് ശതമാനം ഉയർന്നതും, കുറവ് രേഖപ്പെടുത്തിയതുമായ ബൂത്തുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക.
- ഫോം-8 ഉപയോഗിച്ച് എല്ലാ വോട്ടർമാരുടെയും മൊബൈൽ നമ്പറുകൾ വോട്ടർ പട്ടികയിൽ ചേർക്കാൻ പ്രത്യേകം ശ്രമിക്കണം.
- എല്ലാ തിരഞ്ഞെടുപ്പിലും യോഗ്യരായ എല്ലാ പൗരന്മാരെയും എൻറോൾ ചെയ്യാനും അവരെ വോട്ടുചെയ്യാൻ പ്രേരിപ്പിക്കാനും ബൂത്ത് ലെവൽ ഓഫീസർ പരിശ്രമിക്കണം.



## വോട്ടെടുപ്പിന് മുമ്പുള്ള ദിവസം [പ്രീ പോൾ ഡേ]

- വാഹനസൗകര്യം [പിക്ക് ആൻഡ് ഡ്രോപ്പ്] ആവശ്യമായി വരുന്ന വോട്ടർമാരെ ബൂത്ത് ലെവൽ ഓഫീസർമാർ രജിസ്റ്റർ ചെയ്യണം.
- ബൂത്ത് ലെവൽ ഓഫീസർ വോട്ടെടുപ്പ് ദിവസം വോട്ടർ സ്ലിപ്പുകളും വോട്ടർ സഹായ ഗൈഡുകളും വിതരണം ചെയ്യുകയും, അവരുടെ പ്രദേശത്തെ എല്ലാ വോട്ടർമാർക്കും ഒരു വോട്ടറുടെ അവകാശങ്ങൾ മനസിലാക്കി കൊടുക്കുകയും വേണം

## വോട്ടെടുപ്പ് ദിവസം [ഓൺ പോൾ ഡേ]

- വോട്ടർമാരെ അവരുടെ പേരുകൾ കണ്ടെത്തുന്നതിന് സഹായിക്കുവാൻ ബൂത്ത് ലെവൽ ഓഫീസർമാർ അതത് ബൂത്തുകളിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തിപ്പിക്കേണ്ടതാണ്.
- സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ മുതിർന്ന പൗരന്മാർ, ഭിന്നശേഷിയുള്ളവർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോളിംഗ് സ്റ്റേഷനിൽ ആവശ്യമായ സഹായം ബൂത്ത് ലെവൽ ഓഫീസർമാർ ഉറപ്പാക്കണം.

# ദേശീയ സമ്മതിദായക ദിനം

## കഴിഞ്ഞ കാലങ്ങളിലൂടെ . . .

2011 മുതൽ എല്ലാ വർഷവും ഇലക്ഷൻ കമ്മീഷന്റെ സ്ഥാപക ദിനമായ ജനുവരി 25 ദേശീയ വോട്ടേഴ്സ് ദിനമായി ആഘോഷിച്ചു വരികയാണ്. ജനാധിപത്യത്തിന്റെ ഊർജ്ജവും ശക്തിയും ആഘോഷിക്കുന്നതിനും രാജ്യത്തെ പൗരന്മാരുടെയും, പ്രത്യേകിച്ച് യുവാക്കളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും വേണ്ടിയാണ് നാം ഈ ദിനം സമുചിതമായി ആഘോഷിക്കുന്നത്.

രാജ്യത്തുടനീളമുള്ള പൗരന്മാരെ തിരഞ്ഞെടുപ്പ് സമ്പ്രദായത്തിലേക്ക് ആകർഷിക്കുന്നതിന് വേണ്ടി ദേശീയ, സംസ്ഥാന, ജില്ല, നിയോജകമണ്ഡലം മുതൽ പോളിംഗ് സ്റ്റേഷൻ വരെയുള്ള വേദികളിൽ ദേശീയ വോട്ടേഴ്സ് ദിന ആഘോഷം നടത്തുന്നുണ്ട്. വോട്ടർ പട്ടിക പുതുക്കിയ വേളയിൽ രാജ്യത്തെ ഓരോ പോളിംഗ് സ്റ്റേഷൻ പരിധിയിലും 18 വയസ്സ് തികയുന്ന യോഗ്യരായ വോട്ടർമാരെ എൻറോൾ ചെയ്യുകയും ജനുവരി 25-ലെ ആഘോഷവേളയിൽ അവരുടെ ഇലക്ടർ ഫോട്ടോ ഐഡന്റിറ്റി കാർഡുകൾ (EPIC-കൾ) വഴി വിതരണം ചെയുകയും ചെയ്തു.

പുതുതായി എൻറോൾ ചെയ്ത വോട്ടർമാർക്ക് അനുമോദന ചടങ്ങിൽ 'ഒരു വോട്ടർ ആയതിൽ അഭിമാനിക്കുന്നു- വോട്ട് ചെയ്യാൻ തയ്യാറാണ്' എന്ന മുദ്രാവാക്യം അടങ്ങിയ ബാഡ്ജും നൽകി. ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നല്കിയതിനോടൊപ്പം പ്രതിജ്ഞയും ചൊല്ലിക്കൊടുത്തു.





**മുൻ ഇന്ത്യൻ പ്രസിഡന്റുമാർ ദേശീയ വോട്ടേഴ്സ് ദിനത്തിലെ വിവിധ പരിപാടികളിൽ**














വോട്ട് ചെയ്യുന്നതിനോളം മഹത്തരം മറ്റൊന്നുമില്ല

ഞാൻ ഉറപ്പായും വോട്ട് ചെയ്യും

NVD2023

### പ്രമേയം : ദേശീയ വോട്ടേഴ്സ് ദിനം 2023

# ‘വോട്ട് ചെയ്യുന്നതിനോളം മഹത്തരം മറ്റൊന്നുമില്ല, ഞാൻ ഉറപ്പായും വോട്ട് ചെയ്യും’

2024-ൽ 18-ാം ‘ലോകസഭയിലേക്ക് പൊതുതിരഞ്ഞെടുപ്പ് അടുത്തുവരുന്ന ഈ വേളയിൽ ഈ മുദ്രവാക്യത്തിന് വലിയ പ്രാധാന്യമുണ്ട്. വോട്ട് രേഖപ്പെടുത്തുക എന്നത് ഒരു അവകാശവും ഉത്തരവാദിത്തവും എന്നതിലുപരി നമ്മുടെ സാമൂഹിക രാഷ്ട്രീയ വ്യവസ്ഥയെ മെച്ചപ്പെടുത്താനുള്ള ഒരു പ്രക്രിയ കൂടിയാണെന്ന വസ്തുത നാം ഇടക്കിടെ മറന്ന് പോകുന്നു. തിരഞ്ഞെടുപ്പ് സമയത്ത് വോട്ട് ചെയ്യുന്നത് സമൂഹത്തിൽ ഇടപെടാനുള്ള ഒരു അവസരമാണ് നമുക്ക് നൽകുന്നത്. തിരഞ്ഞെടുപ്പ് കാലത്ത് സഹപൗരന്മാരുമായി ഇടപഴകുന്നത് പോലെയുള്ള നാഗരികമായ പ്രവർത്തങ്ങളിലൂടെയാണ് നമ്മുടെ ജനാധിപത്യത്തിൽ സഹിഷ്ണുതയും സഹവർത്തിത്വവും വളർത്തിയെടുക്കുന്നതിനുള്ള വ്യത്യസ്ത വഴികൾ.

വരാനിരിക്കുന്ന ദേശീയ വോട്ടേഴ്സ് ദിനാഘോഷങ്ങളുടെ പ്രമേയം ‘ഒരു വോട്ടറും പിന്നിലാവരുത്’, ‘ഓരോ വോട്ടും അമൂല്യണ് ഒരു വോട്ടും പാഴാവരുത്’ എന്നതാണ്. വോട്ട് ചെയ്യുന്നത് രാഷ്ട്രനിർമ്മാണത്തിനായുള്ള ഉത്തരവാദിത്തമാണെന്ന് ഇന്ത്യയിലെ പൗരന്മാരെ ഓരോ ബൂത്ത് ലെവൽ ഓഫീസർമാരും ഓർമ്മിപ്പിക്കുമെന്ന് ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ പ്രതീക്ഷിക്കുന്നു. കടന്ന് പോകുന്ന വർഷം മുഴുവനും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ, സംരംഭങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവയിലൂടെ ബൂത്ത് ലെവൽ ഓഫീസർമാർ ഈ കടമയെ കുറിച്ച് വോട്ടർമാരെ ഓർമ്മിപ്പിക്കണം.

കൂടാതെ, ഈ പ്രമേയം പൗരന്മാർക്ക് ബാലറ്റിലുള്ള വിശ്വാസവും ഉറപ്പായും വോട്ടുചെയ്യണമെന്ന ഉത്തരവാദിത്തവും ശക്തിപ്പെടുത്തുന്നു. ഇതിലൂടെ ശാക്തീകരിക്കപ്പെട്ടതും, എല്ലാവരെയും ഉൾകൊള്ളുന്നതുമായ, ഒരു ജനാധിപത്യ സംവിധാനമാണ് പ്രതീക്ഷിക്കുന്നത്. ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഈ കാഴ്ചപ്പാട് ഓരോ വോട്ടർമാരെയും അറിയിക്കാൻ ഓരോ ബൂത്ത് ലെവൽ ഓഫീസറിനും സുപ്രധാനമായ ഉത്തരവാദിത്തമുണ്ട്.

# സ്മാർട്ട് ബിഎൽഒ

***ബി എൽ ഒ യുടെ വൺ സ്റ്റോപ്പ് ഡെസ്റ്റിനേഷൻ - ഗരുഡ ആപ്പ്***

ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ സ്വീകരിച്ച ഏറ്റവും പ്രധാനപ്പെട്ട സംരംഭങ്ങളിലൊന്നാണ് ഗരുഡ ആപ്ലിക്കേഷൻ. 10 ലക്ഷത്തിലധികം വരുന്ന ബൂത്ത് ലെവൽ ഓഫീസർമാരെ (ബി എൽ ഒ) ഫീൽഡ് വെരിഫിക്കേഷനും പോളിംഗ് സ്റ്റേഷൻ, വോട്ടർ പട്ടിക എന്നിവയുമായി ബന്ധപ്പെട്ട ഒന്നിലധികം പ്രവർത്തനങ്ങൾക്കും പ്രാപ്തരാക്കുന്നതിനാണ് ഈ ആപ്പ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.


ഈ ആപ്ലിക്കേഷൻ ഉപയോഗിക്കാനും വളരെ സുഗമമാണ്. ഇതിലൂടെ വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തൽ, ഒഴിവാക്കൽ, തിരുത്തൽ എന്നിവ വളരെ ആയാസ രഹിതമായി നിർവഹിക്കാൻ കഴിയുന്നതിലൂടെ ധാരാളം സമയം ലാഭിക്കാം. ഈ ആപ്ലിക്കേഷൻ ആൻഡ്രോയിഡ്, ഐഒഎസ് പതിപ്പുകളിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഈ അപ്ലിക്കേഷന് നിരവധി സവിശേഷതകൾ ഉണ്ട് :






# പുതിയ ഫീച്ചർ – *PSE / DSE* പരിശോധന


വോട്ടർപട്ടികയുടെ ഗുണനിലവാരം വർധിപ്പിക്കുന്നതിനായി ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യ സ്വീകരിച്ച പുതിയ സംരംഭമാണിത്. ഈ പുതിയ സംവിധാനത്തിൽ ഒരു സംസ്ഥാനത്തെ മുഴുവൻ നിയോജക മണ്ഡലങ്ങളിലെയും പ്രോസസ്സ് സിസ്റ്റം രേഖപെടുത്തപ്പെട്ടവയിലെ സമാനമായചിത്രങ്ങൾ തിരിച്ച റിയുകയും [പിഎസ്ഇ] ഒരു പ്രദേശത്തെ ജനസംഖ്യനുപാതകമായ [ ഡെമോഗ്രാഫിക് ] സമാനമായ രേഖപെടുത്തലുകൾ തിരിച്ചറിയുകയും [ഡിഎസ്ഇ] ചെയ്യുന്നു. ഇലക്ടൽ രജിസ്ട്രേഷൻ ഓഫീസർ PSE/DSE യുടെ ലിസ്റ്റ് തയ്യാറാകേണ്ടതുണ്ട്. അത് മാനുവൽ വെരിഫിക്കേഷൻ ഓപ്ഷനിൽ നിന്നോ ഗരുഡ ആപ്പ് വഴിയോ ചെയ്യാവുന്നതാണ്. വോട്ടർ പട്ടികയിലെ ഒന്നിലധികം രേഖപ്പെടുത്തലുകൾ നീക്കം ചെയ്യാൻ ഈ പ്രവർത്തനം ഇലക്ഷൻ കമ്മീഷൻ ഓഫ് ഇന്ത്യയെ സഹായിക്കുന്നു.





# ബാത്തോം ബാത്തോം മേം

## ബൂത്ത് ലെവൽ ഓഫീസറുമായി അല്പനേരം



ബസന്തി ലാൽ
ബൂത്ത് ലെവൽ ഓഫീസർ
പാർട്ട് 235, [വല്ലഭ് നഗർ, ഉദയ്പൂർ, രാജസ്ഥാൻ]




2022 ഒക്ടോബർ 30-ന് നടക്കാനിരുന്ന ഉദയ്പൂരിലെ വല്ലഭ്നഗറിലെ ഉപതിരഞ്ഞെടുപ്പിനായി, എന്റെ ബൂത്ത് നമ്പർ 235 പിഡബ്ല്യുഡി എക്സ്ക്ലൂസീവ് പോളിംഗ് ബൂത്തായി തിരഞ്ഞെടുത്തിരുന്നു. പിഡബ്ല്യുഡി ഇലക്ടർമാർക്കും പോളിംഗ് പാർട്ടി പ്രവർത്തകർക്കും എല്ലാത്തരം അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുന്നതിനാണ് നഗർ പാലിക കാനോഡുമായി കൈകോർക്കുന്നത്.

ഞങ്ങൾ ഒരുമിച്ച് ചേർന്ന് ഒരു സാധാരണ സ്കൂളിനെ വോട്ടർമാരെ ആകർഷിക്കുന്ന രൂപത്തിൽ അലങ്കരിക്കുകയും ആകർഷകമാക്കുകയും ചെയ്തു. ബൂത്തിലെ ഒരു എക്സ്ക്ലൂസീവ് സെൽഫി പോയിന്റ് കണ്ണഞ്ചിപ്പിക്കുന്നതായിരുന്നു, അത് വോട്ടർമാർക്കിടയിൽ വലിയ ഹിറ്റായി മാറി.

കാര്യക്ഷമമായ ഒരു ടീമുണ്ടെങ്കിൽ ഫലപ്രാപ്തിനേടുന്നതിൽ നമുക്ക് വളരെയധികം മുന്നോട്ട് പോകുവാൻ സാധിക്കും. എസ്ഡിഎം, ബിഡിഒ, പിഇഒ, നഗർ പാലിക ഉദ്യോഗസ്ഥർ എന്നിവരെല്ലാം SVEEP പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷന്റെ സംരംഭങ്ങളുടെ വ്യാപകമായ പ്രചാരണത്തിനും പ്രധാന പങ്ക് വഹിച്ചുകൊണ്ട് കൂടെയുണ്ടായിരുന്നു.

ഒടുവിൽ, ഞങ്ങളുടെ പ്രയത്നങ്ങൾ ഫലം കണ്ടു, ഫലം പ്രഖ്യാപിച്ചപ്പോൾ, പിഡബ്ല്യുഡി ഇലക്ടർമാർക്കായുള്ള എന്റെ ബൂത്ത് 100% വോട്ടിംഗ് രേഖപ്പെടുത്തി. തീർച്ചയായും ആഘോഷിക്കാനും സന്തോഷിക്കാനുമുള്ള ഒരു സുപ്രധാന നേട്ടമായിരുന്നു അത്.



भारत निर्वाचन आयोग
ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ

PwD 2.0 ആപ്

# സക്ഷം - ഇസിഐ

ഭിന്നശേഷിക്കാർക്ക് (പിഡബ്ല്യുഡി) എളുപ്പത്തിൽ ഉപയോഗിക്കാമെന്ന് ഉറപ്പാക്കാൻ സക്ഷം ആപ് പുതിയ രൂപകൽപ്പനയിലും ലേ ഔട്ടിലും ഇന്റർഫേസിലും ഫീച്ചറുകളിലും ഇപ്പോൾ ലഭ്യമാണ്.

പിഡബ്ല്യുഡി[ ഭിന്നശേഷി] വോട്ടർമാരെ തിരിച്ചറിയാനും സേവനം നൽകാനും സഹായിക്കുന്നതിനാണ് ഈ ആപ് രൂപകൽപ്പന ചെയ്തിരിക്കുന്നത്.




## പുതിയ പതിപ്പിലെ അധിക സവിശേഷതകൾ

- നിങ്ങളുടെ സ്ഥാനാർത്ഥികളെ അറിയുക
- ബൂത്ത് ലൊക്കേറ്റർ
- പരാതി പരിഹാരം / വിവരങ്ങൾ
- പോളിംഗ് സ്റ്റേഷനിലെ സൗകര്യങ്ങൾ
- സഹായ അഭ്യർത്ഥന [ബൂത്ത് ]
- അഭ്യർത്ഥന [പിക്ക് ആൻഡ് ഡ്രോപ്പ് ]
- ചോദ്യങ്ങളും ഉത്തരവും [FAQs]
- തിരഞ്ഞെടുപ്പുകളെക്കുറിച്ചുള്ള ഓഡിയോ/ വീഡിയോ

## ഒറ്റ ക്ലിക്കിൽ നിങ്ങൾക്കായി

- വോട്ടറായി രജിസ്റ്റർ ചെയ്യുക
- നിങ്ങളുടെ പേര് തിരയുക
- നിങ്ങളുടെ പരാതി ഫയൽ ചെയ്യുക
- ബൂത്തിലെ സൗകര്യങ്ങൾ




ഞങ്ങളെ പിന്തുടരുക | www.eci.gov.in